എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ സ്ഥിതി വിവര കണക്കുകൾ

51 [483] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ ഏറ്റവും അവസാനത്തെ സ്ഥിതി വിവര കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഇതിൽ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാണോ;

(സി) 2003 ജനുവരി മുതൽ ഡിസംബർ 31 വരെ ഒരു വർഷക്കാലം പുതുതായി രജിസ്റ്റർ ചെയ്തവർ എത്രയാണ്;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമം ലഘൂകരിക്കുന്നതിനും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(ഇ) രജിസ്റ്റർ ചെയ്തവർ പുതുക്കണമെന്നുള്ള നിബന്ധന ഒഴിവാക്കാൻ കഴിയുന്നവിധം നടപടി ക്രമങ്ങൾ ലഘൂകരിക്കാമോ;

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓരോ വർഷവും രജിസ്റ്റർ ചെയ്തവരിൽ എത്ര പേർക്ക് തൊഴിൽ ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ 3-10-2003 വരെയുള്ള സ്ഥിതിവിവരകണക്കനുസരിച്ച് 3906641 പേർ തങ്ങളുടെ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവരുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

എഞ്ചിനീയറിംഗ് ബിരുദധാരികൾ	..	8775
ഡോക്ടർ	..	3851
കാർഷിക ബിരുദധാരികൾ	..	979
വെറ്റിനറി സർജൻ	..	484
നിയമ ബിരുദധാരികൾ	..	788

LIBRARY ARCHIVES Kerala Legislative Assembly

(സി) 2003 ജനുവരി 1 മുതൽ ഡിസംബർ 31 വരെ 381357 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 14 വയസ് പൂർത്തിയായ ഏതൊരാൾക്കും വയസ് തെളിയിക്കുന്നതിനുള്ള രേഖ സഹിതം ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ഇ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ മൂന്ന് വർഷത്തിലൊരിക്കൽ പുതുക്കണമെന്നത് ദേശീയതലത്തിൽ കൈക്കൊണ്ടിരിക്കുന്ന തീരുമാനമാണ്. എംപ്ലോയ്മെന്റ് വകുപ്പിന്റെ ഇത്തരത്തിലുള്ള പൊതുനയങ്ങൾ ദേശീയ തലത്തിൽ രൂപീകൃതമാകുന്നതിനാലും, ഒരു സംസ്ഥാനത്തുള്ള രജിസ്ട്രേഷൻ രാജ്യത്തിന്റെ ഏത് സംസ്ഥാനത്തേക്കും മാറ്റി വാങ്ങാമെന്നതിനാലും ഇത്തരത്തിലുള്ള പൊതുനയങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ദേശീയതലത്തിൽ മാത്രമേ സാദ്ധ്യമാവൂ. കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗും ദേശീയ വർക്കിംഗ് ഗ്രൂപ്പുകളുമാണ് ഇത്തരത്തിലുള്ള തീരുമാനങ്ങൾ സ്വീകരിച്ചുവരുന്നത്.

(എഫ്) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി 2001-ൽ 9116 പേർക്കും, 2002-ൽ 12414 പേർക്കും, 2003 ഒക്ടോബർ 31 വരെ 8357 പേർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന തൊഴിൽ ലഭിച്ചിട്ടുണ്ട്.

ഹയർ സെക്കന്ററി അദ്ധ്യാപക നിയമന വ്യവസ്ഥകൾ

52 [484] ശ്രീ. സി. പി. മുഹമ്മദ്:
,, എൻ. ഡി. അപ്പച്ചൻ:
,, വർക്കല കഹാർ:
,, കെ. മുഹമ്മദാലി:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നതിനുള്ള അർഹത ആർക്കെല്ലാമാണ്;

(ബി) പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരിൽ ബിരുദാനന്തര ബിരുദം, ബി.എഡ്., എം.എഡ്., ഡോക്ടറേറ്റ് എന്നീ യോഗ്യതയുള്ളവർ എത്രയെന്ന് ഇനം തിരിച്ച് അറിയിക്കാമോ;

2/404/2012—16.

LIBRARY ARCHIVES Kerala Legislative Assembly